ടൈബൽ സർവ്വകലാശാല

197(T 2244) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട്ടിൽ ഒരു ടൈബൽ സർവ്വകലാശാല സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത സർവ്വകലാശാലയ്ക്ക് വേണ്ടി അനുവദിച്ച തുകയുടേയും ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുകയുടേയും കണക്ക് ലഭ്യമാക്കാമോ;

(സി) പദ്ധതി എന്ന് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതിക്ക് 'ഗുരുകുലം' എന്നാണ് നാമകരണം നടത്തിയിരിക്കുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിൽ ആധുനിക വിദ്യാഭ്യാസ രീതിയും ഗോത്രവർഗ്ഗ സംസ്കൃതിയും തമ്മിലുള്ള അന്തരം കാരണം ചില കുട്ടികൾ പഠനം ഉപേക്ഷിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് ഇതുസംബന്ധിച്ച പഠനം നടത്തി വകുപ്പ് ഗുരുകുലം എന്ന വിദ്യാഭ്യാസ പദ്ധതിക്ക് രൂപം കൊടുത്തത്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിനും ഉന്നമനത്തിനുമായി ഒഡീഷയിലെ ഭുവനേശ്വറിൽ പ്രവർത്തിക്കുന്ന കലിംഗ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിന്റെ മാതൃകയിൽ നഴ്സറിതലം മുതൽ ബിരുദാനന്തര ബിരുദം വരെ ഒരു കുടക്കീഴിൽ പൂർണ്ണമായി റസിഡൻഷ്യൽ രീതിയിൽ നടത്തുന്നതിന് അവസരം ഒരുക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഗോത്രസംസ്കാരവും പൈതൃകഭാഷയും നൈപുണ്യ വികസനത്തോടൊപ്പം കുട്ടികളുടെ അഭിരുചിക്ക് അനുസരിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക. വയനാട് ജില്ലയിലെ മാനന്തവാടിയിലുള്ള മക്കിമലയിലാണ് ഇതുസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ടി പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷം 100 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ പ്രീ-പ്രൈമറി തലം 2016-17 അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly